**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 430** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>'കെ-സ്വിഫ്റ്റ്' പോർട്ടൽ വഴിയുള്ള അനുമതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനമായ 'കെ-സ്വിഫ്റ്റ്' പോർട്ടൽ വഴി അനുമതികൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വ്യവസായം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ ഒരു ഏകജാലക സംവിധാനത്തിലൂടെ നൽകുകയെന്ന ലക്ഷ്യവുമായി വ്യവസായ വകുപ്പ് 2020-ൽ കൊണ്ടുവന്ന ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനമായ കെ- സ്വിഫ്റ്റിലൂടെ 22 വകുപ്പുകളിലെ ഏകദേശം 120-ൽ അധികം സേവനങ്ങൾ സംരംഭകർക്ക് ലഭ്യമാവുന്നതാണ്. കൂടാതെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം, 2019 പ്രകാരം നല്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രവും കെ-സ്വിഫ്റ്റിലൂടെയാണ് നൽകിവരുന്നത്.

തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം, സംരംഭകൻ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉടൻ തന്നെ ലഭിക്കും. എന്നാൽ, വിവിധ വകുപ്പുകൾക്ക് മുന്നിലേക്ക് കെ-സ്വിഫ്റ്റ് വഴി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ അതത് വകുപ്പുകൾ ആവശ്യമായ പരിശോധനകൾ പൂർത്തിയാക്കിയ ശേഷമാണ് അനുമതികൾ നൽകുന്നത്. ഇത്തരത്തിലുള്ള അപേക്ഷകളിൽ ചില കേസുകളിൽ നേരിയ കാലതാമസം നേരിട്ടിരുന്നു. ഇതിന് അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷകളിലെ അപൂർണ്ണതകൾ, ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ട സാഹചര്യം, ബന്ധപ്പെട്ട വകുപ്പുകൾക്ക് അധിക വിവരങ്ങൾ ആവശ്യമായി വരിക തുടങ്ങിയ കാരണങ്ങളാണ് ഇടയാകുന്നത്.

വകുപ്പുകളുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിൽ കാലതാമസം ഉണ്ടാവാതിരിക്കുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപടികളുടെ ഭാഗമായി കെ-സ്വിഫ്റ്റിൽ അപേക്ഷകളുടെ പുരോഗതി യഥാസമയം നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകളിലെ അപൂർണ്ണതകൾ ഒഴിവാക്കാൻ അപേക്ഷകരെ സഹായിക്കുന്നതിനായി, സംരംഭം ആരംഭിക്കാനും പ്രവർത്തിപ്പിക്കാനുമായി ആവശ്യമായ ലൈസൻസുകൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, എൻ.ഒ.സി.കൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, സമർപ്പിക്കേണ്ട രേഖകൾ, ഫീസ് വിവരങ്ങൾ, കൂടാതെ അപേക്ഷകളുടെ പരിശോധനയ്ക്കായി വിവിധ വകുപ്പുകൾ പിന്തുടരുന്ന

മാനദണ്ഡങ്ങൾ എന്നിവ കെ-സ്വിഫ്റ്റിലെ "Know Your Approval" മോഡ്യൂളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകളുടെ പരിശോധനയും വിലയിരുത്തലും കാര്യക്ഷമമായി നിർവഹിക്കുന്നതിനാവശ്യമായ ഡാഷ്ബോർഡ് അധിഷ്ഠിത സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ, വ്യവസായവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനും അപേക്ഷ സമർപ്പിക്കൽ, അനുമതി ലഭ്യമാക്കൽ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനുമായി "Ticket Based Query and Grievance Management System" എന്ന പുതിയ മോഡ്യൂളും സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പോർട്ടലിന്റെ സാങ്കേതിക ഘടനയിൽ അടിസ്ഥാനപരമായ നവീകരണം വരുത്തുന്നതിനും സേവന വിതരണ സംവിധാനങ്ങളിൽ നിലവിൽ പ്രചാരത്തിലുള്ള സാങ്കേതിക പുരോഗതികൾ, ആധുനിക വിവര വിശകലന സാങ്കേതികവിദ്യകൾ, നടപടിക്രമങ്ങളുടെ സ്വയമേവ പ്രവർത്തനം എന്നിവ ഉൾപ്പെടെയുള്ള സമകാലിക ഓൺലൈൻ സംവിധാനങ്ങളിലെ പ്രധാന സവിശേഷതകൾ കെ-സ്വിഫ്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തി സമഗ്രമായ പുനർരൂപകൽപ്പന (Revamp) നടപ്പിലാക്കുന്നതിനുള്ള സാധ്യതകളും നിലവിൽ പരിശോധിച്ചുവരികയാണ്.

കെ-സ്വിഫ്റ്റ് അംഗീകാരം ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതും 3.5 വർഷത്തിനുള്ളിൽ ലൈസൻസ് നടപടിക്രമങ്ങൾ പൂർത്തീകരിക്കാവുന്നതുമാണ്. സംരംഭകർക്ക് സമയബന്ധിതമായി അനുമതികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ അവർക്ക് തത്വത്തിലുള്ള അംഗീകാരം (Deemed Approval) ലഭ്യമാവുന്നതാണ്.

**(ബി)** എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നവീകരണങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

**(സി)** സംരംഭകർക്ക് അനുകൂലമായ രീതിയിൽ അനുമതികൾ നേടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നത് കൂടുതൽ ലളിതമാക്കുന്നതിനായി 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം 2019' നടപ്പിലാക്കിയിട്ടുണ്ട്.

പ്രസ്തുത നിയമപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ചുവപ്പ് വിഭാഗത്തിൽ (Red Category) ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള വിവിധ ലൈസൻസുകളും അനുമതികളും ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ സംരംഭം ആരംഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കെ-സ്വിഫ്റ്റ് സംവിധാനത്തിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാൽ വ്യവസായം തുടങ്ങുന്ന വേളയിൽ അനുമതികൾക്കായി വിവിധ ഓഫീസുകൾ സന്ദർശിക്കേണ്ട സാഹചര്യം ഒഴിവാക്കുകയും സംരംഭം ആരംഭിക്കുന്നതിലെ കാലതാമസം ഗണ്യമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. സംരംഭം ആരംഭിച്ച് മൂന്നര വർഷത്തിനുള്ളിൽ സംരംഭകർ ആവശ്യമായ അനുമതികൾ നേടിയെടുത്താൽ മതിയാവും. ഈ നിയമത്തിന്റെ പ്രയോജനം ഉപയോഗപ്പെടുത്തി ഇതുവരെ ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം സ്വന്തമാക്കിയിട്ടുണ്ട്.

K-SWIFT മുഖേന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ അനുമതി പുതുക്കലുകൾക്കും സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതോടൊപ്പം പരിശോധനാ സംവിധാനങ്ങൾ ഏകോപിപ്പിക്കുകയും

അനുമതി നടപടികൾക്ക് സമയപരിധി നിശ്ചയിക്കുകയും ചെയ്യതിലൂടെ വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഗണ്യമായി ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം കേന്ദ്ര സർക്കാരിന്റെ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ 2026-ന്റെ ഭാഗമായുള്ള വിവിധ പരിഷ്കരണ ശുപാർശകളും അതാത് വകുപ്പുകളിലൂടെ നടപ്പിലാക്കി വരുന്ന പക്ഷം അനുമതികൾ നേടുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിയ്ക്കപ്പെടുന്നതാണ്.

**സെക്ഷൻ ഓഫീസർ**